കേരളഭൂഷണം

27 June 2018

## സമുദ്ര മത്സ്യോൽപാദനം

# കേരളത്തിൽ 12 ശതമാനത്തിന്റെ വർധന

കൊച്ചി:സമുദ്ര മത്സ്യോൽപാദനം തിരിച്ചുവരവിന്റെ പാതയിലെന്ന് സൂചന നൽകി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) വാർഷിക പഠന റിപ്പോർട്ട് കേരളത്തിന്റെ സമുദ്രമത്സ്യ ലഭ്യതയിൽ ഇത്തവണ മുൻവർഷത്തേക്കാൾ 12 ശതമാനം വർധനവുണ്ടായി.

കഴിഞ്ഞ കുറച്ചു വർഷങ്ങളായി വൻ തോതിൽകുറഞ്ഞുവരികയായിരുന്ന മത്തിയുടെ തിരിച്ചുവരവാണ് സമുദ്ര മത്സ്യമേഖലയ്ക്ക്ഉണർവായതെന്ന് പഠനം സൂചിപ്പിക്കുന്നു. കേരളത്തിൽ മത്തിയുടെലഭ്യത മുൻ വർഷത്തേക്കാൾമൂന്ന് മടങ്ങ് (176 ശതമാനം) വർധിച്ചതായാണ്കണ്ടെത്തൽ. 2017 ൽ ഇന്ത്യൻ തീരങ്ങളിൽ നിന്ന് പിടിച്ച മീനുകളുടെ കണക്ക് ചൊവ്വാഴ്ചയാണ്സിഎംഎഫ്ആർഐ പുറത്തുവിട്ടത്.

പോയ വർഷം 5.85 ലക്ഷം ടൺ മത്സ്യമാണ്കേരളത്തിന്റെ തീരങ്ങളിൽ നിന്ന് പിടിച്ചത്. ഏറ്റവുംകൂടുതൽ ലഭിച്ച മത്സ്യം മത്തിയാണ് - 1.27ലക്ഷം ടൺ. 2016ൽ മത്തിയുടെലഭ്യത കേവലം 45,000 ടൺ മാത്രമായിരുന്നു. 2012ന് ശേഷം ആദ്യമാണ് മത്തിയുടെ ലഭ്യതയിൽ ഇത്രയുംവർധനവുണ്ടാകുന്നത്. കേരളത്തിൽ മത്തി കൂടിയപ്പോൾ, ആന്ധ്രയിലും തമിഴ്നാട്ടിലും മത്തിയുടെ ലഭ്യതയിൽ വൻ കുറവാണുണ്ടായത്.

മത്തിയുടെതിരിച്ചുവരവോടെദേശീയ തലത്തിൽ മത്സ്യ ലഭ്യതയിൽകേരളംമൂന്നാം സ്ഥാനത്തേക്ക് ഉയർന്നു. കഴിഞ്ഞ തവണ നാലാംസ്ഥാനത്തായിരുന്നു. ഗുജറാത്താണ് തുടർച്ചയായ അഞ്ചാം തവണയുംഒന്നാംസ്ഥാനത്ത് തമിഴ്നാടാണ് രണ്ടാമത്.

സംസ്ഥാനത്ത് അയല ഇത്തവണയുംകുറഞ്ഞു. മുൻ വർഷത്തേക്കാൾ 29 ശതമാണ് കുറവ്. മത്തി, ചെമ്മീൻ, തിരിയാൻ, കണവ വിഭാഗങ്ങൾ, കിളിമീൻ എന്നിവയാണ് കഴിഞ്ഞ വർഷംകേരളത്തിൽ ഏറ്റവുംകൂടുതൽ ലഭിച്ച അഞ്ച് മത്സ്യയിനങ്ങൾ. അയല ആറാംസ്ഥാനത്തേക്ക് പിന്തള്ളപ്പെട്ടു. മത്തി കൂടാതെ, പാമ്പാട, ചെമ്മീൻ, കൂന്തൾ, കിളിമീൻ എന്നിവയും ഇത്തവണ കൂടി. അയല, നെയ്മീൻ, മാന്തൾ, കൊഴുവ, ചെമ്പല്ലി എന്നിവയാണ് മുൻ വർഷത്തേക്കാൾകുറഞ്ഞ മത്സ്യങ്ങൾ.

ഓഖി ചുഴലിക്കാറ്റ്കേരളത്തിന്റെ മത്സ്യമേഖലയെസാരമായി ബാധിച്ചതായിസിഎംഎഫ്ആർഐയുടെ കണക്കുകൾ വെളിപ്പെടുത്തുന്നു. ഓഖിമൂലംകഴിഞ്ഞ ഡിസംബറിൽ സംസ്ഥാനത്തെ മത്സ്യ ലഭ്യതയിൽ ഏകദേശം 35,000ടൺ കുറവുണ്ടായതായി കണ്ടെത്തി. ഇതിലൂടെ, ലാൻഡിംഗ് സെന്ററുകളിൽ 585 കോടി രൂപയുംചില്ലറ വ്യാപാരത്തിൽ 821 കോടിയുടെയും സാമ്പത്തിക നഷ്ടമാണ് കണക്കാക്കുന്നത്.

കേരളത്തിൽ മാത്രമല്ല, ദേശീയതലത്തിൽതന്നെ സമുദ്ര മത്സ്യ ലഭ്യതയിൽവർധനവുണ്ടായിട്ടുണ്ട്.

5.6 ശതമാനം വർധനവിൽ 38.3 ലക്ഷം ടൺ സമുദ്രമത്സ്യമാണ് ഇത്തവണ ഇന്ത്യയിൽ ആകെ ലഭിച്ചത്. 2012-ന് ശേഷമുള്ള ഏറ്റവും വലിയ അളവാണ് ഇത്.